"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1680/2020/LSGD തീയതി,തിരുവനന്തപുരം, 17/09/2020

---

പരാമർശം:- 1 05.10.2017 ലെ സ.ഉ (സാ.ധാ) നം3214/2017.ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 17.12.2019 - ലെ സ.ഉ (കൈ) നം.7/2019/പരി നമ്പർ ഉത്തരവ്

3 4.3.2020-ന് ചേർന്ന ഹരിത കേരളം മിഷൻ-ശുചിത്വമാലിന്യസംസ്കരണ ഉപമിഷന്റെ ഒൻപതാമത് സംസ്ഥാനതല കർമ്മസേന യോഗത്തിന്റെ തീരുമാനം ( അജണ്ട ഇനം 6)

4 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.06.2020-ലെ 3619/C5/2019/SM നമ്പർ കത്ത്

**ഉത്തരവ്**

വിവിധ തലങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ആശയം മുൻനിർത്തി ഹരിത കേരളം മിഷൻ-ശുചിത്വമാലിന്യസംസ്കരണ ഉപമിഷന്റെ ഭാഗമായി സംസ്ഥാനത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷനും ശുചിത്വ മിഷനും സംയുക്തമായി തയാറാക്കിയ മാർഗ്ഗ രേഖയ്ക്ക് ഹരിതകേരളം മിഷന്റെ ഒൻപതാമത് സംസ്ഥാനതല കർമ്മസേന യോഗത്തിൽ പരാമർശം (3) പ്രകാരം അംഗീകാരം നൽകിയിരുന്നു.

2. പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ ഉത്തരവായി പുറപ്പെടുവിക്കുന്നതിനു നടപടിസ്വീകരിക്കണമെന്നു ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത്ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.09.17 17:26:26 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

**അനുബന്ധം**

**<u>പൊതു പരിപാടികളിലെ ഗ്രീൻ പ്രോട്ടോക്കോൾ-</u>**
**<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ</u>**

ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ ഭാഗമായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുക എന്ന ആശയം മുൻനിർത്തി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഡിസ്പോസിബിൾ (ഒറ്റത്തവണ ഉപയോഗിച്ച് കളയുന്ന വസ്തുക്കൾ) വസ്തുക്കളുടേയും നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായി ഒഴിവാക്കി പുന:രുപയോഗിക്കാവുന്നതും പ്രകൃതി സൗഹൃദവുമായിട്ടുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗ്രീൻപ്രോട്ടോക്കോളിന്റെ ലക്ഷ്യം. ആയതിന്റെ പ്രവർത്തനങ്ങൾ 2015 മുതലാണ് സംസ്ഥാനത്ത് ആരംഭിച്ചത്. സർക്കാർ-പൊതു പരിപാടികൾ, തീർത്ഥാടനങ്ങൾ, ഇലക്ഷനുകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, മതാനുഷ്ഠാനങ്ങൾ, സ്കൂൾ കലോത്സവങ്ങൾ, കലാകായിക മേളകൾ, അന്താരാഷ്ട്ര മത്സരങ്ങൾ, വിവാഹങ്ങൾ, എന്നിങ്ങനെ നിരവധിയായ പരിപാടികളിൽ ഗ്രീൻപ്രോട്ടോക്കോൾ വിജയകരമായി നടപ്പിലാക്കി ടൺ കണക്കിന് മാലിന്യം രൂപപ്പെടുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായി ഗ്രീൻപ്രോട്ടോക്കോൾ തങ്ങളുടെ അധികാര പരിധിയിൽ വിജയകരമായി നടപ്പിലാക്കുകയും കുടുംബശ്രീ ഹരിതകർമ്മസേനാ സംവിധാനങ്ങളുപയോഗിച്ച് ഗ്രീൻപ്രോട്ടോക്കോൾ യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്നവ ഒഴിവാക്കുകയും പുനരുപയോഗ സാധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്ന ജീവിതശൈലി സമൂഹത്തിൽ വ്യവസ്ഥാപിതമാക്കുന്നതും സുസ്ഥിര മാലിന്യ സംസ്കരണ പരിപാടിയുടെ അനിവാര്യ ഘടകമാണ്. പരാമർശം (2) പ്രകാരം നിരോധിച്ചിട്ടുള്ള വസ്തുക്കൾ പൂർണമായും ഒഴിവാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ പൊതു പരിപാടികളിൽ ഹരിതചട്ടം പാലിക്കുന്നതിനുള്ള കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്.

**ബോധവൽക്കരണ പ്രവർത്തനങ്ങൾ**

പൊതു പരിപാടികളുടെയും പൊതുസ്ഥാപനങ്ങളുടെയും സംഘാടകരിലും നടത്തിപ്പുകാരിലേക്കും ഹരിതചട്ടം സംബന്ധിച്ച വ്യക്തമായ ധാരണയും ഓരോരുത്തരുടെ ചുമതലയും എത്തിക്കാൻ കഴിയുന്ന യോഗങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും മാർഗനിർദ്ദേശങ്ങൾ അച്ചടിച്ച് നൽകുകയും ചെയ്യണം. റെസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ സംഘടന സംവിധാനം, യുവജന സംഘടനകൾ, ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ, വ്യാപാരി വ്യവസായി സമൂഹം തുടങ്ങി അധികാര പരിധിയിൽ വരുന്ന എല്ലാ സംഘടനകളെയും ഈ കാമ്പയിനിൽ പങ്കാളികളാക്കേണ്ടതാണ്.

**1.തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസിൽ വരുത്തേണ്ട ക്രമീകരണങ്ങൾ**

- ഗ്രീൻപ്രോട്ടോക്കോൾ സന്ദേശം ഫ്രണ്ട് ഓഫീസിൽ ആലേഖനം ചെയ്യൽ
- പാഴ് വസ്തുക്കൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കൽ

- അഴുകുന്ന മാലിന്യം സംസ്കരിക്കുന്നതിന് ഉപാധി സ്ഥാപിക്കൽ
- മാതൃകാ മിനി എം.സി.എഫ് പ്രവർത്തിപ്പിക്കൽ
- കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ ഉപയോഗിക്കുക
- മാതൃകാ ഹരിത ഓഫീസാക്കി പ്രവർത്തിപ്പിക്കുക

**2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ട സംവിധാനങ്ങൾ**

- വീടുകളിൽ/സ്ഥാപനങ്ങളിൽ നടക്കുന്ന ചടങ്ങുകൾ (ഗൃഹപ്രവേശം, ഉദ്ഘാടനം, ആഘോഷങ്ങൾ, വിവാഹം, മരണാനന്തര ചടങ്ങ്, ചോറൂണ്, ജന്മദിനാഘോഷം, ഉത്സവങ്ങൾ, മറ്റ് മതപരമായ ചടങ്ങുകൾ തുടങ്ങിയവ) ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിനാവശ്യമായ പുനരുപയോഗ/പ്രകൃതി സൗഹൃദ ഉപാധികൾ എത്തിച്ച് നൽകുന്നതിനും ഹരിത പരിപാടിയായി നടത്തിക്കൊടുക്കുന്നതിനുമായി ഹരിതകർമ്മസേനാ/കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗപ്പെടുത്തി ഗ്രീൻ പ്രോട്ടോക്കോൾ സംരംഭക യൂണിറ്റ് സജ്ജമാക്കുക
- ഓരോ വാർഡിലെയും ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വാർഡ്തല ആരോഗ്യ ശുചിത്വ പോഷക സമിതിക്ക് ചുമതല നൽകുക
- ഹരിതപരിപാടികൾ സംഘടിപ്പിക്കുന്നവരെ ആദരിക്കുക, അനുമോദിക്കുക
- പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനായി സ്വാപ്പ്ഷോപ്പ്, റിപ്പയർഷോപ്പ് എന്നിവ സംഘടിപ്പിക്കുക
- പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് (തുണി, ഈറ, ചിരട്ട, പ്രകൃതിദത്ത നാരുകൾ തുടങ്ങിയവ കൊണ്ടുണ്ടാക്കുന്ന ഉപഭോഗ വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ) ആരംഭിക്കുക
- വാർഡുതല മിനി എം.സി.എഫ്-കളുടെ പരിപാലന ചുമതല റെസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, എ.ഡി.എസ്, കുടുംബശ്രീ, അയൽക്കൂട്ടം, അയൽസഭ, വായനശാല, യുവജനക്ലബ്ബുകൾ തുടങ്ങി താൽപര്യമുള്ളവരെ കണ്ടെത്തി ചുമതല നൽകുക.

**3. വീടുകളിൽ**

- വീടുകൾ/ഫ്ളാറ്റുകൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും (വിവാഹം, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ, മതാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവ) ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന നിർദ്ദേശം വാർഡ്തല ആരോഗ്യ ശുചിത്വ പോഷക സമിതി മുഖാന്തിരം വീട്ടുടമസ്ഥർക്ക് നൽകുക. പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക.
- റസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, ഫ്ളാറ്റ് ഓണേഴ്സ്, കുടുംബശ്രീ എന്നിവരുടെ യോഗം വിളിച്ച് ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് മാത്രം ചടങ്ങുകൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക
- ഉറവിടത്തിൽ തന്നെ ജൈവമാലിന്യം വളമാക്കുന്നതിനും അജൈവ വസ്തുക്കൾ വൃത്തിയാക്കി ഹരിതകർമ്മ സേനക്ക് നൽകുന്നതിനും കർശന നിർദ്ദേശം നൽകുക.

**4. സ്ഥാപനങ്ങളിൽ**

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലെ എല്ലാ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കുക
- ഇത് മോണിട്ടർ ചെയ്യുന്നതിനായി ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ഫീൽഡ്തല ജീവനക്കാർ ഹരിതകർമ്മസേന എന്നിവരെ നിയോഗിക്കുക. ഗ്രീൻ വോളണ്ടിയർ മാരുടെ സേവനം പ്രയോജനപ്പെടുത്തുക

- വ്യാപാരി വ്യവസായികളിൽ നിന്ന് ഇതിനായി വോളണ്ടിയർമാരെ കണ്ടെത്തുക. പ്രകൃതി സൗഹൃദ വിപണനം സാധ്യമാക്കുക
- ഗ്രീൻപ്രോട്ടോക്കോൾ നിർദ്ദേശക ബോർഡുകൾ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ ഓഫീസുകളിലും സ്ഥാപിക്കുക
- ജൈവമാലിന്യ സംസ്കരണത്തിന് അതാത് സ്ഥാപനങ്ങളിൽ സംവിധാന മൊരുക്കുന്നതിന് പദ്ധതി വയ്ക്കുക
- സ്വകാര്യ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ പദ്ധതി മുഖേന സബ്സിഡി നൽകി ജൈവമാലിന്യ സംസ്കരണ സംവിധാനമൊരുക്കുക
- അജൈവമാലിന്യ ശേഖരണത്തിന് ഹരിതകർമ്മ സേനയെ ചുമതല പ്പെടുത്തുക
- ഇതിനായി പ്രത്യേകം ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
- അജൈവ മാലിന്യ ശേഖരണത്തിന് മിനി എം.സി.എഫുകൾ സ്ഥാപിക്കുക.
- കുടുംബശ്രീ/സ്വയം സംരംഭക യൂണിറ്റുകൾ മുഖേന പ്രകൃതി സൗഹൃദ പായ്ക്കിംഗ് വസ്തുക്കൾ നിർമ്മിച്ച് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുക

## 5. ആരാധനാലയങ്ങളിൽ

- തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ ആരാധനാലയങ്ങളുടെ കമ്മിറ്റി ഭാരവാഹികൾ, പുരോഹിതർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകേണ്ടതാണ്.
- ആരാധനാലയങ്ങളോട് ചേർന്നുള്ള വിവാഹമണ്ഡപങ്ങൾ കൺവെൻഷൻ സെന്ററുകൾ, മതപഠനസ്ഥാപനങ്ങൾ, സ്കൂൾ/കോളേജ്/മറ്റ് വിദ്യാഭാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- ഇവിടങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർദ്ദേശക ബോർഡുകൾ സ്ഥാപിക്കേണ്ടതും മോണിട്ടറിംങ്ങിന് ഉദ്യോഗസ്ഥരേയും ഹരിതകർമ്മസേനയേയും നിയോഗിക്കേണ്ടതുമാണ്.
- ജൈവമാലിന്യ സംസ്കരണ ഉപാധികൾ, മിനി എം.സി.എഫ് എന്നിവ ഇവിടങ്ങളിൽ അവരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഹരിതകർമ്മസേനയുടെ സേവനം ഇവിടങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

## 6. മതാനുഷ്ഠാനങ്ങൾ, തീർത്ഥാടനങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ

- വിവിധ മതാനുഷ്ഠാനങ്ങളുടെ ഭാഗമായ ആഘോഷങ്ങൾ തീർത്ഥാടനങ്ങൾ വ്രതാനുഷ്ഠാനങ്ങൾ, അന്നദാനം, ഘോഷയാത്രകൾ തുടങ്ങിയവയിൽ ഗ്രീൻ പ്രോട്ടോക്കോൾ നിർബന്ധമാക്കേണ്ടതാണ്. ഓരോ പരിപാടിക്ക് മുമ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് ഹരിത പരിപാടിയായി നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
- പ്രസ്തുത നടത്തിപ്പിന് ആവശ്യമായ എല്ലാ സഹായ സഹകരണവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- ഇത്തരം ഇടങ്ങളിൽ മൊബൈൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, മൊബൈൽ മിനി എം.സി.എഫുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരി ക്കേണ്ടതാണ്.
- ഇത്തരം പരിപാടികളുടെ ഗ്രീൻ പ്രോട്ടോക്കോൾ മാനേജ്മെൻറ് ഹരിതകർമ്മ സേനയെ ഏൽപ്പിക്കേണ്ടതാണ്.

- ഓണം, ക്രിസ്തുമസ്, ന്യൂഇയർ ആഘോഷങ്ങൾ, ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ എന്നിവ മുൻകൂട്ടിതന്നെ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടപ്പിലാ ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ആഘോഷകമ്മിറ്റി ഭാരവാഹികളുടെ യോഗം ചേർന്ന് കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

7. **റാലികൾ, സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ, ഉത്ഘാടനങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നടക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളുടെയും മത-സാമൂഹിക-സാമുദായിക-സാംസ്കാരിക- സംഘടനകളുടേയും റാലികൾ, സമ്മേളനങ്ങൾ പൊതുയോഗങ്ങൾ, ഉത്ഘാടന ചടങ്ങുകൾ എന്നിവ മുൻകൂട്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ/പോലീസ് അധികൃതരെ അറിയിക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതും ആയത് ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
- ഹരിത കർമ്മസേനകളുടെ സേവനം ഇത്തരം പരിപാടികളുടെ സംഘാടകർക്ക് നൽകേണ്ടതാണ്
- ഇതിനായ് സംയുക്ത യോഗം ചേർന്ന് നടപടി സ്വീകരിക്കേണ്ടതാണ്.

8. **പൊതു നിർദ്ദേശങ്ങൾ**

- തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ നടക്കുന്ന എല്ലാ സ്വകാര്യ/പൊതു പരിപാടികളിലും ഹരിതചട്ടം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും നിബന്ധനകളും ഉൾക്കൊള്ളിച്ച മാർഗ്ഗരേഖ പ്രസിദ്ധീകരിക്കേണ്ടതും പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
- 50 പേരിൽ കൂടുതൽ പേർ പങ്കെടുക്കുന്ന എല്ലാ പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മുൻകൂട്ടി അറിയിക്കണമെന്ന നിയമ വ്യവസ്ഥ നടപ്പിലാക്കുക. ഇത്തരം പരിപാടികളിൽ ഹരിതനിയമം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും പരിശോധന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനങ്ങൾക്കായ് ശുചിത്വ മിഷൻ, സ്വച്ഛ് ഭാരത് മിഷൻ, ശുചിത്വ കേരളം പദ്ധതികളുടെ വിവര വിജ്ഞാന വ്യാപന ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്. മാലിന്യ സംസ്കരണ പദ്ധതികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന 10/15 ശതമാനം പദ്ധതി വിഹിതത്തിന്റെ 10% ഫണ്ടോ ആനുപാതികമായി തനത് ഫണ്ടിൽ നിന്നോ ഗ്രീൻപ്രോട്ടോക്കോൾ - വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാവുന്നതാണ്.
- ഹരിതകർമ്മസേനയെ ഉപയോഗിച്ച് ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിക്ക ന്നതിനും അനുമതി നൽകുന്നു.
- പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും ലഭിക്കുന്നതിന് ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് മിഷൻ, ക്ലീൻ കേരളകമ്പനി ലിമിറ്റഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.